**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 516** | **30-01-2024 - ൽ മറുപടിയ്ക്ക്**

**കേരളീയം സ്പോൺസർഷിപ്പ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഷാഫി പറമ്പിൽ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കേരളീയം പരിപാടിയുമായി ബന്ധപ്പെട്ട് പരമാവധി സ്പോൺസർഷിപ്പ് നേടിയെടുത്തതിന് ലോട്ടറി ഡയറക്ടറെ സർക്കാർ ആദരിച്ചിട്ടുണ്ടോയെന്നും ഇദ്ദേഹത്തിന് ജി.എസ്.ടി. വകുപ്പിൽ ഏതൊക്കെ ചുമതലകളാണ് നിലവിലുള്ളതെന്നും വ്യക്തമാക്കാമോ; | (എ) | കേരളീയം പരിപാടിയുമായി ബന്ധപ്പെട്ട് പരമാവധി സ്പോൺസർഷിപ്പ് നേടിയെടുത്തതിന് ലോട്ടറി ഡയറക്ടറെ സർക്കാർ ആദരിച്ചിട്ടില്ല. നിലവിലെ ഭാഗ്യക്കുറി ഡയറക്ടർ സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പിലെ സ്പെഷ്യൽ കമ്മീഷണറുടെ ചുമതല കൂടി വഹിക്കുന്നുണ്ട്. |
| (ബി) | കേരളീയം പരിപാടിക്ക് സ്പോൺസർഷിപ്പ് നൽകിയവരിൽ നികുതി കുടിശ്ശിക നൽകാനുള്ളതും നികുതി വെട്ടിപ്പിൽ ഉൾപ്പെട്ടിട്ടുള്ളതുമായ സ്ഥാപനങ്ങളും വ്യക്തികളും ഉൾപ്പെട്ടിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; | (ബി) | ഇക്കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ല |
| (സി) | ഇപ്രകാരം സ്പോൺസർഷിപ്പ് സമാഹരിക്കുവാൻ ധനകാര്യ വകുപ്പ് ജി.എസ്.ടി. ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; | (സി) | നിർദ്ദേശങ്ങളൊന്നും നല്കിയിട്ടില്ല. |
| (ഡി) | ജി.എസ്.ടി. വകുപ്പിന്റെ സുപ്രധാന ചുമതല വഹിക്കുന്ന ഉദ്യോഗസ്ഥനെ ഉപയോഗിച്ച് സർക്കാർ പരിപാടിക്ക് സ്പോൺസർഷിപ്പ് സമാഹരിച്ചതിലൂടെ നികുതി കുടിശ്ശിക സമാഹരണം അട്ടിമറിക്കപ്പെട്ടതായുള്ള ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇപ്രകാരം തീരുമാനമെടുത്തതിന്റെ കാരണം വ്യക്തമാക്കുമോ? | (ഡി) | ഇത്തരത്തിലൊരാരോപണം ശ്രദ്ധയിൽപെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ